**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4666** **29-10-2021 - ൽ മറുപടിയ്ക്ക്**

**ജില്ല ക്വാളിറ്റി കൺട്രോൾ ലാബ് മലപ്പുറത്ത് നിന്ന് മാറ്റാനുള്ള തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ജില്ല ക്വാളിറ്റി കൺട്രോൾ ലാബ് മലപ്പുറത്ത് നിന്ന് മാറ്റാൻ തിരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ക്വാളിറ്റി കൺട്രോൾ ഡിസ്ട്രിക്റ്റ് ലാബുകൾക്കും 70 സബ് ജില്ലാ ലാബുകൾക്കും എൻ എ ബി എൽ അക്രഡിറ്റേഷൻ ലഭ്യമാക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ മലപ്പുറം ജില്ലയിൽ നിലവിലുള്ള പ്രസ്തുത ലാബിന് എൻ എ ബി എൽ അംഗീകാരമുള്ള ജില്ലാ ലാബിനു വേണ്ടി അനുശാസിക്കുന്ന വിസ്തൃതിയിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ എൻ. എ. ബി എൽ അംഗീകാരമുള്ള സബ് ജില്ലാ ലാബായി മാത്രമേ നിലനിർത്താനാവുകയുള്ളൂ. പൊന്നാനിയിൽ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള സ്ഥലത്ത് ജില്ലാ ലാബ് മാറ്റാനാണ് ഉദ്ദേശിക്കുന്നത്. മലപ്പുറത്തെ ക്വാളിറ്റി കൺട്രോൾ ലാബ്, നിലവിലുള്ള സ്ഥലത്ത് എൻ എ ബി എൽ അക്രഡിറ്റേഷനോട് കൂടി സബ് ജില്ല ലാബായി നിലനിർത്താൻ ആണ് ഉദ്ദേശിക്കുന്നത്. മലപ്പുറം ജില്ലയിൽ ഇവ കൂടാതെ മറ്റ് നാല് സബ് ജില്ലാ ലാബുകൾക്കു കൂടി എൻ എ ബി എൽ അക്രഡിറ്റേഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ജില്ലാ ആസ്ഥാനത്ത് നിന്നും ഇത്തരം ഓഫീസുകൾ മാറ്റുന്നതിലൂടെ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നതിനാൽ പ്രസ്തുത തീരുമാനം പുന:പരിശോധിക്കുവാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ? | (ബി) | നിലവിലുള്ള സ്ഥലത്ത് ഒരു സബ് ജില്ലാ ലാബായി എൻ എ ബി എൽ അക്രഡിറ്റേഷനോട് കൂടി നിലനിർത്താൻ ആണ് ഉദ്ദേശിക്കുന്നത് പൊതു ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് ഒഴിവാക്കാനായി മേൽ പറഞ്ഞ എല്ലാ ലാബുകളിലും വെള്ളം ടെസ്റ്റ് ചെയ്യുവാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ